# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *70 — 30.01.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.റോജി എം. ജോൺ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടത്തിയ ശ്രമങ്ങൾ എത്രത്തോളം ഫലപ്രദമാണെന്ന് വിശദമാക്കുമോ; | (എ) ക്ഷീരമേഖലയിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ ആവശ്യമുള്ള പാലിന്റെ ഏകദേശം 80-85% വരെ ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിരുന്നു. സ്വയംപര്യാപ്തതയിലേക്ക് നീങ്ങികൊണ്ടിരുന്ന സന്ദർഭത്തിലുണ്ടായ പ്രളയം പാലുല്പാദനത്തിൽ നേരിയ കുറവ് ഉണ്ടാക്കിയെങ്കിലും പ്രളയാനന്തര പ്രവർത്തനങ്ങളിലൂടെയും ക്രിയാത്മകമായ ഇടപെടലുകളിലൂടെയും ഈ കുറവ് പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) 2018 ഓടെ സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തമാകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാതെ വന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) 2018 ൽ പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്ക് എത്തികൊണ്ടിരുന്ന സന്ദർഭത്തിലുള്ള രൂക്ഷമായ പ്രളയത്തിന്റെയും മഴക്കെടുതിയുടേയും ഫലമായി പ്രതിദിനം ഏകദേശം 2.5 ലക്ഷം ലിറ്റർ പാലിന്റെ കുറവുണ്ടായി. എന്നാൽ പ്രളയാനന്തര പ്രവർത്തനത്തിലൂടെ പാലുല്പാദനം പഴയ സ്ഥിതിയിലേക്ക് കൊണ്ടു വരുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) ക്ഷീര മേഖലയിലെ യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട് അഞ്ചിൽ കൂടുതൽ കറവപ്പശുക്കളുള്ള ക്ഷീരകർഷകർക്ക് കറവയന്ത്രങ്ങൾ നൽകുന്ന പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (സി) ക്ഷീരകർഷകർക്ക് കറവയന്ത്രങ്ങൾ നൽകുന്ന പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. |
| ഡി) തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവും കാലിത്തീറ്റക്ക് അടിയ്ക്കടിയുണ്ടാകുന്ന വിലവർദ്ധനവും ക്ഷീര മേഖലയെ കടുത്ത പ്രതിസന്ധിയിലാക്കുന്നുവെന്ന വസ്തുത പരിഗണിച്ച് കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ഡി) പാലുല്പാദനച്ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി പദ്ധതിയുക വകയിരുത്തിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ക്ഷീരസംഘത്തിൽ പാലളക്കുന്ന മുഴുവൻ കർഷകർക്കും ഒരു ലിറ്റർ പാലിന് 4 രൂപ വരെ ഇൻസെന്റീവ് നൽകി വരുന്നുണ്ട്. തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറിന് 20,000/- രൂപ വരെ ധനസഹായം നൽകുന്ന പദ്ധതിയും, ക്ഷീരസംഘം മുഖേന പച്ചപ്പുല്ല്, വൈക്കോൽ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നു. |

| | | |
|---|---|---|
| ഇ) | വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ കൈവശമുള്ള തരിശ് ഭൂമി കണ്ടെത്തി തീറ്റപ്പുൽ കൃഷി വ്യാപകമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; | ഇ) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ കൈവശമുള്ള തരിശ് ഭൂമി കണ്ടെത്തി തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2018 -19 വർഷത്തിൽ 67 ഹെക്ടർ സ്ഥലത്ത് ടി പദ്ധതി മുഖേന തീറ്റപ്പുൽ കൃഷി നടത്തിയിട്ടുണ്ട്. ഇതിനായി 62.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| എഫ്) | പ്രളയത്തിൽ നഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് സമയബന്ധിതമായി ആശ്വാസ നടപടികൾ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | എഫ്) പ്രളയത്തിൽ നഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് സമയബന്ധിതമായി ആശ്വാസ നടപടികൾ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഉരുക്കൾ പ്രളയത്തിൽ നഷ്ടപ്പെട്ടവർക്ക് കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപ നൽകുകയും, പ്രളയ സമയത്ത് കാലികൾക്ക് നൽകുന്നതിനായി 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുതിനുള്ള 181 ലക്ഷം രൂപയും പച്ചപ്പുല്ല്, വൈക്കോൽ എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. കൂടാതെ 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പ്രോഗ്രാം പ്രളയ ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കുന്നു.<br>പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്ത നിവാരണ മാനദണ്ഡപ്രകാരം 17.89 കോടി രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയ ബാധിത പ്രദേശത്ത് മൃഗസംരക്ഷ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**